ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.12.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). രണ്ട് ദിവസത്തെ കുവൈറ്റ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ എത്തി; പ്രതിരോധ മേഖലയിൽ ഉൾപ്പടെ നിരവധി ഉഭയകക്ഷി കരാറുകളിൽ ഒപ്പു വച്ച് ഇന്ത്യയും കുവൈറ്റും.

**Prime Minister Narendra Modi Returns to New Delhi After Completing Two-Day Visit to Kuwait; India and Kuwait Sign Several Bilateral Agreements, Including in the Defense Sector.**

2.) കേന്ദ്ര നിയമനം ലഭിച്ച എഴുപത്തി ഒന്നായിരത്തിലത്തിലധികം പേർക്ക് പ്രധാനമന്ത്രി ഇന്ന് റോസ്ഗർ മേളയിൽ നിയമന ഉത്തരവുകൾ വിതരണം ചെയ്യും. തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും.

**Prime Minister to Distribute Appointment Letters to Over 71,000 new recruits in Govt Departments Under Rozgar Mela Today; Union Minister Suresh Gopi to be the Chief Guest at the Event in Thiruvananthapuram.**

3.) കേന്ദ്ര ഊർജ്ജ നഗരകാര്യ മന്ത്രി മനോഹർലാൽ ഇന്ന് കൊച്ചിയിൽ മെട്രോ റെയിൽ, വാട്ടർ മെട്രോ എന്നിവയുടെ അവലോകന യോഗങ്ങളിൽ പങ്കെടുക്കും.

**Union Minister of Power and New & Renewable Energy, Manohar Lal, to Attend Review Meetings on Metro Rail and Water Metro in Kochi Today.**

4.) രാഷ്ട്ര വികസനത്തിനും വളർച്ചയ്ക്കും നിർണായക സംഭാവനകൾ നൽകുന്ന കർഷകരോടുള്ള ആദരസൂചകമായി ഇന്ന് ദേശീയ കർഷക ദിനം.

**National Farmers' Day Today, Honoring Farmers for Their Crucial Contributions to National Development and Growth.**

**5.) 2025-ലെ ഐസിസി ചാമ്പ്യൻസ് ട്രോഫിയിൽ യു.എ.ഇ യെ ഇന്ത്യയുടെ നിഷ്പക്ഷ വേദിയായി പ്രഖ്യാപിച്ചു.**

**UAE Declared as India's Neutral Venue for the 2025 ICC Champions Trophy.**

**6.) തങ്കഅങ്കി രഥഘോഷ യാത്രക്ക് സ്വീകരണമൊരുക്കി ക്ഷേത്രങ്ങൾ; 25-ന് ഘോഷയാത്ര ശബരിമല സന്നിധാനത്ത് എത്തും.**

**Thanka Anki procession receives a warm welcome at various temples; the procession will reach Sabarimala Sannidhanam on 25th December.**

==============================================

## INDIA-KUWAIT PARTNERSHIP + PM ARRIVAL

രണ്ട് ദിവസത്തെ കുവൈറ്റ് സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ എത്തി. പ്രതിരോധ സഹകരണം, സാംസ്കാരിക കൈമാറ്റം തുടങ്ങി വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിൽ വിവിധ കരാറുകളിൽ ഒപ്പുവച്ചു. ഉഭയകക്ഷി പ്രതിരോധ സഹകരണം, സംയുക്ത സൈനിക അഭ്യാസം, പ്രതിരോധ വ്യാവസായിക മേഖലയിലെ സഹകരണം എന്നിവ വർദ്ധിപ്പിക്കുന്നതിന് ധാരണയായി. ജനങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിന് 2025-29 കാലയളവിൽ സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കും. അന്താരാഷ്ട്ര സൗര സഖ്യത്തിൽ അംഗത്വമെടുക്കാനുള്ള കുവൈറ്റിന്റെ തീരുമാനം പാരിസ്ഥിതി മേഖലയിലെ സഹകരണം വർദ്ധിപ്പിക്കുമെന്നാണ് വിലയിരുത്തൽ.

==============================================

## INDIA-KUWAIT-TERRORISM

അതിർത്തി കടന്നുള്ള ഭീകരത ഉൾപ്പെടെ നേരിടുന്നതിന് ഒരുമിച്ച് പ്രവർത്തിക്കാൻ ഇന്ത്യയും കുവൈത്തും ധാരണയായി. തീവ്രവാദത്തിന് ധനസഹായം നൽകുന്ന ശൃംഖലകളും ഭീകരരുടെ താവളങ്ങളും തകർക്കാൻ ഇരു രാജ്യങ്ങളും ആഹ്വാനം ചെയ്തു. തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങൾ, സൈബർ സുരക്ഷ തുടങ്ങിയവയിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കുവൈത്ത് സന്ദർശന വേളയിൽ ചർച്ചയായി.

=============================================

## PM-ROZGAR MELA

കേന്ദ്ര സർക്കാരിന് കീഴിൽ വിവിധ വകുപ്പുകളിൽ പുതുതായി നിയമനം നേടുന്ന എഴുപത്തി ഒന്നായിരത്തിലത്തിലധികം പേരുടെ നിയമന പത്രം ഇന്ന് നടക്കുന്ന റോസ്ഗാർ മേളയിലൂടെ, പ്രധാനമന്ത്രി നരേന്ദ്രമോദി ഓൺലൈനായി കൈമാറും. രാജ്യത്തെ നാല്പത്തി അഞ്ചിടങ്ങളിൽ മേളകൾ നടക്കും. ഇതിന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഇന്ന് രാവിലെ തിരുവനന്തപുരത്ത് പള്ളിപ്പുറം സി ആർ പി എഫ് ഗ്രൂപ്പ് സെന്ററിൽ സംഘടിപ്പിക്കുന്ന തൊഴിൽ മേളയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും.

=============================================

## JITENDRA-GOOD GOVERNANCE

സദ്ഭരണത്തെ കുറിച്ചുള്ള നാലാമത്തെ ദേശീയ ശിൽപശാല ഇന്ന് ന്യൂഡൽഹിയിൽ കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്യും. മന്ത്രാലയങ്ങളിലെയും വകുപ്പുകളിലെയും ഉദ്യോഗസ്ഥർ ശിൽപശാലയിൽ പങ്കെടുക്കും. മൂല്യനിർണ്ണയ റിപ്പോർട്ടിന്റെ പ്രകാശനത്തോടൊപ്പം വിവിധ മന്ത്രാലയങ്ങളും വകുപ്പുകളും നടത്തിയ സ്വച്ഛത കാമ്പെയ്ൻ 4.0 യുടെ മികച്ച പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ പ്രദർശനവും ശ്രീ ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്യും.

=============================================

## AMIT SHAH (INTRO)

മൂന്ന് ദിവസത്തെ ത്രിപുര സന്ദർശനത്തിന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ധലായ് ജില്ലയിൽ 668 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചു. വടക്കു കിഴക്കൻ മേഖലയുടെ വികസനത്തിന് സർക്കാരിനുള്ള പ്രതിബദ്ധതയുടെ ഉദാഹരണമാണ് ഇത്തരം പദ്ധതികളെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ബ്രൂ വിഭാഗങ്ങളുടെ പുനരധിവാസത്തിനായി സർക്കാർ 900 കോടി രൂപ ചെലവഴിച്ചതായും ശ്രീ ഷാ വ്യക്തമാക്കി.

**(HOLD VOICE……….)**

=================================================

## KERALA-MANOHARLAL

കേന്ദ്ര ഊർജ്ജ നഗരകാര്യ മന്ത്രി മനോഹർലാലിന്റെ കേരള സന്ദർശനം തുടരുന്നു. ഇന്ന് കൊച്ചിയിൽ മെട്രോ റെയിൽ, വാട്ടർ മെട്രോ എന്നിവയുടെ അവലോകന യോഗങ്ങളിൽ അദ്ദേഹം പങ്കെടുക്കും. ഊർജ്ജ നഗരകാര്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ കേന്ദ്രമന്ത്രി പങ്കെടുത്തു. കേരളത്തിൽ വൈദ്യുതിയുടെ സാങ്കേതിക വാണിജ്യ നഷ്ടം 10 ശതമാനത്തിന് താഴെയെന്നത് രാജ്യത്തിന് തന്നെ മാതൃകയാണെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിൻറെ വൈദ്യുതി ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടുള്ള നിവേദനം വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി കേന്ദ്ര മന്ത്രിയ്ക്ക് കൈമാറി.

=================================================

## FARMERS DAY

ഇന്ന് ദേശീയ കർഷക ദിനം. രാജ്യത്തിൻറെ വളർച്ചയ്ക്കും വികസനത്തിനും കർഷകർ നൽകിയ സംഭാവനകളെ ബഹുമാനിക്കുകയും ആദരിക്കുകയുമാണ് ദിനാചരണത്തിൻറെ ലക്ഷ്യം. മുൻ പ്രധാനമന്ത്രി ചൗധരി ചരൺ സിങ്ങിൻറെ ജന്മവാർഷികമാണ് ദേശീയ കർഷക ദിനമായി ആചരിക്കുന്നത്. ചൗധരി ചരൺ സിങ്ങിൻറെ 122-ാം ജന്മ വാർഷിക ദിനത്തിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ കിസാൻ ഘട്ടിൽ പുഷ്പ ചക്രം അർപ്പിക്കും. രാജ്യത്ത് കർഷകരുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിന് പിന്തുണ നൽകുന്നതിനും സുസ്ഥിര കാർഷിക വളർച്ച ഉറപ്പാക്കുന്നതിനുമായി കേന്ദ്രസർക്കാർ നിരവധി സംരംഭങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്.

=================================================

## CONSUMER AFFAIRS-APPS

ദേശീയ ഉപഭോക്തൃ ദിനത്തോടനുബന്ധിച്ച് നാളെ ഉപഭോക്തൃ കാര്യ വകുപ്പ് വിവിധ മൊബൈൽ ആപ്പുകളും, ജാഗ്രതി ഡാഷ്ബോർഡും പുറത്തിറക്കും. നിയമവിരുദ്ധമായി പ്രഖ്യാപിച്ച വെബ്സൈറ്റ് ലിങ്കുകൾ റിപ്പോർട്ട് ചെയ്യാൻ ആപ്പ് ഉപയോക്താക്കളെ സഹായിക്കും. ഇവ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി, പരാതികളായി രജിസ്റ്റർ ചെയ്യും.

==============================================

**ബ്രേക്ക്.....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

==============================================

## PREZ - CONVOCATION

ന്യൂഡൽഹിയിലെ വർദ്ധമാൻ മഹാവീർ മെഡിക്കൽ കോളജിലെയും സഫ്ദർജഗഞ്ച് ആശുപത്രിയിലെയും ആറാമത് ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യ അതിഥിയാകും. കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ പരിപാടിയിൽ സംബന്ധിക്കും.

==============================================

## PM-CHRISTMAS

കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഇന്ന് ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. കർദിനാളുമാർ, ബിഷപ്പുമാർ തുടങ്ങിയവരുമായി അദ്ദേഹം ആശയവിനിമയം നടത്തും.

==============================================

## SMRITI MANDHANA RECORD

വഡോദരയിൽ നടന്ന ആദ്യ ഏകദിനത്തിൽ വെസ്റ്റ് ഇൻഡീസിനെതിരെ 91 റൺസ് നേടിയ ഇന്ത്യൻ ഓപ്പണർ സ്മൃതി മന്ദാനക്ക് ക്രിക്കറ്റിൽ പുതിയ റെക്കോർഡ്. ഒരു കലണ്ടർ വർഷത്തിൽ ഏറ്റവും കൂടുതൽ അന്താരാഷ്ട്ര റൺസ് എന്ന ദക്ഷിണാഫ്രിക്കയുടെ ലോറ വോൾവാർഡിന്റെ റെക്കോർഡാണ് സ്മൃതി മറികടന്നത്. 36 മത്സരങ്ങളിൽ നിന്നായി മന്ദാന ഈ വർഷം 1,602 റൺസ് നേടിയിട്ടുണ്ട്.

==========================================

## CRICKET – CT NEUTRAL VENUE

സുരക്ഷാ കാരണങ്ങളാൽ പാകിസ്ഥാനിലേക്ക് യാത്ര ചെയ്യാൻ ഇന്ത്യ വിസമ്മതിച്ചതിനെ തുടർന്ന് 2025-ലെ ഐസിസി ചാമ്പ്യൻസ് ട്രോഫിയിലെ ഇന്ത്യയുടെ മത്സരങ്ങൾ യു.എ.ഇ യിൽ നടക്കും. പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡാണ് യു എ ഇ യെ നിഷ്പക്ഷ വേദിയായി പ്രഖ്യാപിച്ചത്. നിലവിലെ രാഷ്ട്രീയ സംഘർഷങ്ങൾ കാരണം ഇന്ത്യയും പാകിസ്ഥാനും 2012 മുതൽ പരസ്പരം ഇരു രാജ്യങ്ങളിലും പര്യടനം നടത്തിയിട്ടില്ല.

==========================================

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോളിൽ ഇന്നലെ നടന്ന മത്സരത്തിൽ കേരളത്തിന് ജയം.ഏകപക്ഷീയമായ മൂന്ന് ഗോളുകൾക്ക് കേരളം ഡൽഹിയെ പരാജയപ്പെടുത്തി.

==========================================

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്നലെ നടന്ന മത്സരത്തിൽ മുഹമ്മദൻ എസ് സി ക്കെതിരെ കേരള ബ്ലാസ്റ്റേഴ്സിന് ജയം. എതിരില്ലാത്ത 3 ഗോളുകൾക്കാണ് ബ്ലാസ്റ്റേഴ്സിൻറെ വിജയം. ഇന്ന് നടക്കുന്ന മത്സരത്തിൽ ഹൈദരാബാദ് എഫ് സി - നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും.വൈകിട്ട് 7.30 ന് ഹൈദരാബാദിലാണ് മത്സരം.

==========================================

## JAISHANKAR

ആഗോളതലത്തിൽ സ്വതന്ത്രശക്തിയായി മാറാൻ ഇന്ത്യയ്ക്ക് സാധിച്ചതായി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. അന്താരാഷ്ട്ര സമൂഹത്തിൻറെ നന്മയ്ക്കായി പ്രവർത്തിക്കാൻ ഇന്ത്യ പ്രതിജ്ഞാ ബദ്ധമാണെന്നും, അതിനായുള്ള പ്രയത്നം തുടരുകയാണെന്നും മുംബൈയിൽ ഒരു ചടങ്ങിൽ ഓൺലൈനായി പങ്കെടുത്ത് അദ്ദേഹം

പറഞ്ഞു.

**(വോയിസ്.....)**

==============================================

**SABARIMALA**

ആറന്മുള പാർഥ സാരഥി ക്ഷേത്രത്തിൽ നിന്ന് ഇന്നലെ പുറപ്പെട്ട തങ്കഅങ്കി രഥഘോഷയാത്ര ഇന്ന് രാവിലെ ഓമല്ലൂർ രക്തകണ്ഠ സ്വാമി ക്ഷേത്രത്തിൽ നിന്ന് ശബരിമല സന്നിധാനത്തേക്കുള്ള യാത്ര തുടരും. ഈ മാസം 25-ന് ഘോഷയാത്ര സന്നിധാനത്ത് എത്തും. വലിയ സ്വീകരണം ഏറ്റുവാങ്ങിയാണ് ഘോഷയാത്ര ഓരോ കേന്ദ്രങ്ങളും പിന്നിടുന്നത്. തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കുന്നതിനും തങ്ക അങ്കി ഘോഷയാത്രയുടെ ഭാഗമായും ബുധൻ, വ്യാഴം ദിവസങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതായി പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചിരുന്നു.

==============================================

**M T VASUDEVAN NAIR**

കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന സാഹിത്യകാരൻ എം.ടി വാസുദേവൻ നായരുടെ ആരോഗ്യ സ്ഥിതിയിൽ നേരിയ പുരോഗതിയുള്ളതായി ആശുപത്രി വൃത്തങ്ങൾ അറിയിച്ചു. അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വിദഗ്ധ മെഡിക്കൽ സംഘം വിലയിരുത്തി വരികയാണ്.

==============================================

**ISRAELI AIRSTRIKE**

ഗസ മുനമ്പിൽ ഇസ്രയേൽ വ്യോമാക്രമണത്തിൽ 32 പലസ്തീൻ പൗരന്മാർ കൊല്ലപ്പെട്ടു. 54 പേർക്ക് പരിക്കേറ്റു. ഇസ്രയേൽ -ഹമാസ് വെടിനിർത്തലിനായി അന്താരാഷ്ട്ര ഇടപെടലുകൾ തുടരുന്നതിനിടെ യാണ് ആക്രമണം. കഴിഞ്ഞ ആഴ്ച ദോഹയിൽ ഖത്തർ, ഈജിപ്ത്, അമേരിക്ക എന്നിവരുടെ നേതൃത്വത്തിൽ വെടിനിർത്തലിനുള്ള ചർച്ച നടന്നിരുന്നു. അതേസമയം ഹമാസ് ഭീകരരുടെ താവളത്തിന് നേരെയാണ് ആക്രമണം നടത്തിയതെന്ന് ഇസ്രയേലി സൈന്യം പ്രതികരിച്ചു.

==========================================

## FPIs

ഈ വർഷം ഇതുവരെ ഇന്ത്യൻ മൂലധന വിപണികളിലേക്ക് എത്തിയത് ഏകദേശം 1.2 ലക്ഷം കോടി രൂപയുടെ വിദേശ നിക്ഷേപം. ഡിസംബറിൽ ഇതുവരെ 26,000 കോടി രൂപ ഇന്ത്യൻ മൂലധന വിപണികളിലേക്ക് എത്തി. ഇന്ത്യൻ ഓഹരി വിപണികളിലേക്ക് 21,789 കോടി രൂപയും ഡെബ്റ്റ് മാർക്കറ്റിലേക്ക് 4,646 കോടി രൂപയും എത്തിയതോടെ ഇന്ത്യൻ മൂലധന വിപണികളിലേക്കുള്ള മൊത്തം നിക്ഷേപം ഈ മാസം 26,435 കോടി രൂപയായി ഉയർന്നു.

==========================================

## UDAAN YATRI CAFE

യാത്രക്കാർക്ക് മിതമായ നിരക്കിൽ ഭക്ഷണവും വെള്ളവും ഉൾപ്പടെയുള്ളവ ലഭ്യമാക്കുന്നതിനായി വിമാനത്താവളങ്ങളിൽ "ഉഡാൻ യാത്രി കഫേ" എന്ന പേരിൽ ഭക്ഷണശാല തുറക്കുമെന്ന് സിവിൽ ഏവിയേഷൻ മന്ത്രാലയം അറിയിച്ചു. കൊൽക്കത്ത നേതാജി സുഭാഷ് ചന്ദ്ര ബോസ് വിമാനത്താവളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുന്ന കഫെ വിജയകരമായാൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ നിയന്ത്രിക്കുന്ന മറ്റ് വിമാനത്താവളങ്ങളിലും കഫെ തുറക്കുമെന്ന് മന്ത്രാലയം പറഞ്ഞു.

==========================================

==========================================

==========================================